**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 147** **08-02-2023 - ൽ മറുപടിയ്ക്ക്**

**കായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ വി ജോയി,<br>ശ്രീ. എം.വിജിൻ,<br>ശ്രീ എം നൗഷാദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ, അന്തർദേശീയ മത്സരങ്ങളിൽ സംസ്ഥാനത്തെ കായിക പ്രതിഭകൾക്ക് വേണ്ടത്ര മികവ് പുലർത്താൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും ഉന്നത നിലവാരത്തിലുള്ള കായിക അക്കാദമികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ, അന്തർദേശീയ തലങ്ങളിൽ നടന്ന മത്സരങ്ങളിൽ സംസ്ഥാനത്ത് നിന്നുള്ള കായിക പ്രതിഭകൾക്ക് പ്രതീക്ഷിച്ച മികവ് പുലർത്താൻ കഴിഞ്ഞില്ലെങ്കിലും ലോക ബാഡ്മിന്റണിലെ പുരുഷ ചാമ്പ്യൻഷിപ്പ്, 44-ാ മത് ഫിഡെ ലോക ചെസ് ഒളിമ്പ്യാഡ്, കോമൺ വെൽത്ത് ഗെയിംസ്, സന്തോഷ് ട്രോഫി, ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ്, നാഷണൽ ഗെയിംസ് എന്നീ മത്സരങ്ങളിൽ കേരളത്തിൽ നിന്നുള്ള കായിക താരങ്ങൾക്ക് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കായിക മേഖലയിൽ തൽപരരായ കുട്ടികളെ കണ്ടെത്തി അവർക്ക് കായിക വകുപ്പിന്റെ കീഴിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, കുന്നംകുളം സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിൽ മികച്ച പരിശീലനം ലഭ്യമാക്കി അന്താരാഷ്ട്ര നിലവാരത്തിലുള്ള കായിക താരങ്ങളായി അവരെ വളർത്തിയെടുക്കുന്നതിനും പ്രസ്തുത സ്ഥാപനങ്ങളിൽ മികച്ച കായിക അടിസ്ഥാന സൗകര്യ ങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു.**<br><br>**കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഓരോ ജില്ലയിലും മികവിന്റെ കേന്ദ്രമായിട്ടുള്ള പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടു കൂടി Center of Excellence in** |

| | | | |
|---|---|---|---|
| | | | **Districts എന്ന വിഷയത്തിൽ Workshop and Expert Panel Discussion എന്ന പരിപാടി 2022 ഡിസംബർ 1-ാം തിയ്യതി SAI LNCPE യിൽ വച്ച് നടത്തുകയുണ്ടായി. കായിക രംഗത്തെ പ്രമുഖർ ടി സെമിനാറിൽ പങ്കെടുത്തു.** |
| (ബി) | കായിക ക്ഷമതയും മത്സരശേഷിയുമുള്ള യുവജനതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ പ്രാഥമികതല വിദ്യാലയങ്ങൾ മുതൽ കായിക വിദ്യാഭ്യാസം സിലബസിൽ ഉൾപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ; | (ബി) | **പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് ആരോഗ്യ കായികപഠനം പ്രീപ്രൈമറി മുതൽ ഉദ്ഗ്രഥിതമായും യു.പി, എച്ച്.എസ് ക്ലാസുകളിൽ സ്വതന്ത്രമായും എന്ന രീതിയിൽ നടന്നു വരുന്നു. 5 മുതൽ 10 വരെ ക്ലാസുകളിലേക്ക് ടീച്ചർ ടെക്സ്റ്റ് ആക്ടിവിറ്റി ബുക്കുകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. നിലവിലുള്ള പാഠ്യപദ്ധതിയിൽ ആരോഗ്യ കായിക വിദ്യാഭ്യാസം ഉൾപ്പെടുന്നുണ്ട്. സർക്കാർ പ്രഖ്യാപിച്ച പുതിയ പാഠ്യപദ്ധതി പരിഷ്കരണം കായിക മേഖലയിലും, കായിക വിദ്യഭ്യാസ രംഗത്തും വന്നിട്ടുള്ള നൂതനമായ മാറ്റങ്ങൾ കൂടി ഉൾക്കൊള്ളുന്നതായിരിക്കും. ലോകത്ത് വർദ്ധിച്ച വരുന്ന ജീവിത ശൈലിരോഗങ്ങളുടെ പശ്ചാത്തലത്തിൽ അതിന്റെ പ്രതിരോധ മാർഗമായി സ്കൂൾ തലം മുതൽ ആരോഗ്യ കായിക വിദ്യഭ്യാസത്തിന് അതീവ പ്രാധാന്യം നൽകും. കായിക വിദ്യാഭ്യാസത്തിലൂടെ ആരോഗ്യം എന്ന ദീർഘകാല ലക്ഷ്യത്തിന് കൂടുതൽ കരുത്തു പകരുന്ന രീതിയിലുള്ള കൃത്യമായ ഇടപെടൽ പാഠ്യപദ്ധതിയുടെ ഭാഗമായി ഉണ്ടാകും.** |
| (സി) | കായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | **കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം വിവിധ തലങ്ങളിലായാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. അടിസ്ഥാന ഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായികവകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിൽ ഒന്ന്. ഇതിന്റെ ഭാഗമായി ഈ സർക്കാറിന്റെ കാലത്ത് ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. എല്ലാവർക്കും പ്രായഭേദമന്യേ ഒത്തുകൂടാനും ശാരീരികവും മാനസികവുമായ ഉണർവുണ്ടാക്കാനും ഇതുവഴി സാധിക്കുന്നതാണ്. സർക്കാരിന്റെ എല്ലാവർക്കും ആരോഗ്യം എന്ന പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായി സംസ്ഥാനത്ത് തുടക്കം കുറിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകളിൽ ഏഴ് എണ്ണത്തിന്റെ നിർമാണം പൂർത്തീകരിക്കാൻ ഇതിനോടകം സാധിച്ചിട്ടുണ്ട്. ഇതിനു പുറമേ എട്ടോളം ഫിറ്റ്നസ് സെന്ററുകളുടെ പ്രവൃത്തി നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതിൽ മൂന്നു പ്രവൃത്തികൾ പൂർത്തിയാക്കുകയും 5 പ്രവൃത്തികൾ നടന്നു** |

| | | | | |
|---|---|---|---|---|
| | | | | വരികയുമാണ്. ഫിറ്റ്നസ് സെന്ററുകളിലേക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി 4.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ടൂറിസം വകുപ്പുമായി ചേർന്ന് തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട് വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന പൊതുയിടങ്ങളിൽ ഓപ്പൺ ജിം ആരംഭിക്കുന്നതിനുള്ള പദ്ധതിക്കും ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ കായിക യുവജന കാര്യാലയത്തിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ, എംഎൽഎ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികൾ, കായിക യുവജന കാര്യാലയത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നവീകരണ/ പുനരുദ്ധാരണ പ്രവൃത്തികൾ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ആധുനികവത്കരണം, വിവിധ സ്കൂളുകളിലെ ഗ്രൗണ്ടുകളുടെ നവീകരണം/ നിർമ്മാണം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണം/ നവീകരണം തുടങ്ങിയ പ്രവർത്തികളും നടപ്പിലാക്കി വരുന്നു. 120 കോടി രൂപ അടങ്കൽ തുക വരുന്ന 12 കിഫ്ബി പദ്ധതികൾ ഇതിനകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. 460 കോടി രൂപയുടെ അടങ്കൽ തുക വരുന്ന 23 കിഫ്ബി പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. 520 കോടി രൂപ അടങ്കൽ വരുന്ന 23 കിഫ്ബി പദ്ധതികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തിരം നടപ്പിലാക്കുന്നതിനായി സർക്കാർ തീരുമാനമായിട്ടുണ്ട്. കൂടാതെ കായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റേയും ജില്ലാ സ്പോർട്സ് കൗൺസിലിന്റേയും കീഴിൽ കായിക താരങ്ങൾക്ക് പരിശീലനം നടത്തുന്നതിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സജ്ജരാക്കുന്നതിലേക്കുമായി സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെ അന്തർദ്ദേശീയ നിലവാരമുള്ള സ്റ്റേഡിയങ്ങൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനവും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ